**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസ് 2014 - വിവിധ നികുതികൾ ഒടുക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1069/2014/ത.സ്വ.ഭ.വ                തീയതി, തിരുവനന്തപുരം, 03.05.2014

---

പരാമർശം :- 1) സ.ഉ.(സാധാ) നമ്പർ 1913/13/തസ്വഭവ, തീയതി 19.07.2013.
2) സ.ഉ.(സാധാ) നമ്പർ 2124/13/തസ്വഭവ, തീയതി 20.08.2013.
3) സ.ഉ.(സാധാ) നമ്പർ 498/14/തസ്വഭവ, തീയതി 24.02.2014.
4) സ.ഉ.(സാധാ) നമ്പർ 1000/14/തസ്വഭവ, തീയതി 16.04.2014.
5) ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസ് ചീഫ് കോ-ഓർഡിനേറ്ററുടെ 24.04.2014 CLG/26/2013-ലെ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസ് എന്ന പേരിൽ 2014 ജനുവരി 19, 20, 21 തീയതികളിൽ കോവളത്തുവച്ച് ഒരു സമ്മേളനം നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തിരുവനന്തപുരത്തെ സ്വരാജ്ഭവനിൽ ഒരു ഓഫീസ് തുടങ്ങുന്നതിന് പരാമർശം 2 പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പരാമർശം 3,4 പ്രകാരം ടി ഓഫീസ് 30.04.2014 വരെ തുടരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഓഫീസിന്റെ കാലാവധി തീർന്ന സാഹചര്യത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ ഉത്തരവായി പുറപ്പെടുവിക്കുന്നു.

1. കരാറുകാരുടെ ബില്ല് പ്രകാരം ഈടാക്കുന്ന ഇൻകംടാക്സ് ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തുന്നതിന് ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസിന്റെ ഡ്രായിംഗ് പവർ ഉള്ള പഞ്ചായത്ത് ഡയറക്ടർ അനുവദിച്ചിട്ടുള്ള TAN അക്കൗണ്ടിൽ നിന്നും ഒടുക്ക് വരുത്തുന്നതിനും ഇവന്റ് മാനേജ്മെന്റ് സ്റ്റേജ് ബ്രാന്റിംഗ്, വീഡിയോ ഡോക്കാമെന്റേഷൻ എന്നിവയ്ക്കുള്ള ശേഷിക്കുന്ന ബില്ലുകൾ സേവന നികുതി ഉൾപ്പെടെ കരാറുകാർക്ക് നൽകുന്നതിനും പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.
2. ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ലോക്കൽ ഗവേണൻസിനുവേണ്ടി എസ്.ബി.ഐ. നന്തൻകോട് ശാഖയിൽ ആരംഭിച്ച 33250925617 -ാം നമ്പർ ജോയിന്റ് അക്കൗണ്ട് പഞ്ചായത്ത് ഡയറക്ടറുടെ പേരിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
3. ഓഫീസിന്റെ പ്രവർത്തനം അവസാനിക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും ബന്ധപ്പെട്ട ഫയലുകളും രേഖകളും പഞ്ചായത്ത് ഡയറക്ടറെ ഏൽപ്പിക്കുന്നതിന് ചീഫ് കോ-ഓർഡിനേറ്റർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) തിരുവനന്തപുരം
അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ (എഎ) വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർക്ക്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ